(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നു മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സംവിധാനം

320 (3832) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ദേശീയ പാതയിൽ കരീലകുളങ്ങര മുതൽ ഓച്ചിറ വരെയുള്ള ഭാഗം അപകട തീവ്രത കൂടുതലായുള്ള മേഖലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭാഗത്ത് മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ പാതയിൽ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തു മാത്രമായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുവാൻ കഴിയുകയില്ല. ഈ മേഖലയിൽ അടിക്കടിയുള്ള പരിശോധനയ്ക്കായി 2 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിക്കുകയും രാത്രികാല വാഹന പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

കാഞ്ഞങ്ങാട് കാസർഗോഡ് നാഷണൽ ഹൈവേയിലെ യാത്രാപ്രശ്നം

321 (3833) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മംഗലാപുരം നോട്ടിഫൈഡ് റൂട്ടിൽ ഉൾപ്പെട്ട -കാഞ്ഞങ്ങാട്-കാസർകോട് നാഷണൽ ഹൈവേ വഴിയുള്ള യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂട്ടിൽ ഫ്ലീറ്റ് ഓണർ വ്യവസ്ഥ പ്രകാരം ഏറ്റെടുത്ത ബസ്സുകളിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സൂപ്പർ ഫാസ്റ്റ്- ലിമിറ്റഡ് സ്റ്റോപ്പ് എന്ന പേരിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുഴുവൻ ലിമിറ്റഡ് സ്റ്റോപ്പുകളിലും സ്റ്റോപ്പ് അനുവദിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly